**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1285** **19-06-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാലത്തിന് മുന്നോടിയായി സംസ്ഥാനത്തെ റോഡുകളുടെ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ മഴക്കാലത്തിന് മുന്നോടിയായി സംസ്ഥാനത്തെ റോഡുകളുടെ Running Contract പ്രവൃത്തികൾ പരിശോധിക്കുന്നതിന് നിലവിൽ ജില്ലാടിസ്ഥാനത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരേയും, ചീഫ് എഞ്ചിനീയർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ (സാധാ)നം. 512/2024/പൊ.മ.വ തീയതി 16.05.2024 - പ്രകാരം ഒരു പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ പരിശോധന റിപ്പോർട്ട് യഥാസമയം സർക്കാർ വിലയിരുത്തുന്നുണ്ട്. നിലവിൽ 10.05.2024 മുതൽ 20.05.2024 വരെ ഈ സംഘം പരിശോധന നടത്തിയിട്ടുണ്ട്.<br><br>മഴക്കാലത്തിനു മുൻപേ തന്നെ പൊതുമരാമത്ത് വകുപ്പ റോഡുകളിലെ വെള്ളക്കെട്ടും മറ്റും ഒഴിവാക്കുന്നതിനായി പ്രീമൺസൂൺ പ്രവൃത്തി നടപ്പിലാക്കി വരുന്നു. കാനകൾ, ഓടകൾ എന്നിവ വൃത്തിയാക്കുക, pot hole filling, റോഡിലേക്ക് ചാഞ്ഞുനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റൽ, berm clearing എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br><br>വിവിധ ഏജൻസികളുടെ പ്രവർത്തന ഫലമായി കേടുപാടുകൾ സംഭവിച്ച റോഡുകൾ പ്രീ മൺസൂൺ പ്രവർത്തികൾ വഴിയും റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ വഴിയും അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. ഏജൻസികളുടെ പ്രവർത്തിയുടെ ഫലമായി വരുന്ന കേടുപാടുകൾ അതാത് ഏജൻസികളുടെ ചെലവിൽ റസ്റ്റോറേഷൻ പ്രവൃത്തി ഏർപ്പാട് ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ DLP കാലാവധിയിലുള്ള റോഡുകൾ ആണെങ്കിൽ നിലവിലുള്ള കരാറുകാരന്റെ ചെലവിൽ തന്നെ അറ്റകുറ്റപ്പണികൾ ചെയ്യിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | റണ്ണിംഗ് കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും മഴക്കാലത്ത് റോഡ് നന്നാക്കുന്നതിനുള്ള പ്രവൃത്തികൾ നിർവഹിക്കുന്നതിന് സംവിധാനങ്ങളുണ്ടോ എന്നും അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിൽ മഴക്കാലത്തിന് മുന്നോടിയായി സംസ്ഥാനത്തെ റോഡുകളുടെ Running Contract പ്രവൃത്തികൾ പരിശോധിക്കുന്നതിന് നിലവിൽ ജില്ലാടിസ്ഥാനത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരേയും, ചീഫ് എഞ്ചിനീയർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ (സാധാ)നം. 512/2024/പൊ.മ.വ തീയതി 16.05.2024 - പ്രകാരം ഒരു പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ പരിശോധന റിപ്പോർട്ട് യഥാസമയം സർക്കാർ വിലയിരുത്തുന്നുണ്ട്. നിലവിൽ 10.05.2024 മുതൽ 20.05.2024 വരെ ഈ സംഘം പരിശോധന നടത്തിയിട്ടുണ്ട്.<br><br>മഴക്കാലത്തിനു മുൻപേ തന്നെ പൊതുമരാമത്ത് വകുപ്പ റോഡുകളിലെ വെള്ളക്കെട്ടും മറ്റും ഒഴിവാക്കുന്നതിനായി പ്രീമൺസൂൺ പ്രവൃത്തി നടപ്പിലാക്കി വരുന്നു. കാനകൾ, ഓടകൾ എന്നിവ വൃത്തിയാക്കുക, pot hole filling, റോഡിലേക്ക് ചാഞ്ഞുനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റൽ, berm clearing എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br><br>വിവിധ ഏജൻസികളുടെ പ്രവർത്തന ഫലമായി കേടുപാടുകൾ സംഭവിച്ച റോഡുകൾ പ്രീ മൺസൂൺ പ്രവർത്തികൾ വഴിയും റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ വഴിയും അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. ഏജൻസികളുടെ പ്രവർത്തിയുടെ ഫലമായി വരുന്ന കേടുപാടുകൾ അതാത് ഏജൻസികളുടെ ചെലവിൽ റസ്റ്റോറേഷൻ പ്രവൃത്തി ഏർപ്പാട് ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ DLP കാലാവധിയിലുള്ള റോഡുകൾ ആണെങ്കിൽ നിലവിലുള്ള കരാറുകാരന്റെ ചെലവിൽ തന്നെ അറ്റകുറ്റപ്പണികൾ ചെയ്യിച്ച് വരുന്നു. |
| (സി) | മഴക്കാലങ്ങളിൽ ഉണ്ടാവുന്ന വെള്ളക്കെട്ട് പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച പ്രത്യേക നടപടികൾ വിശദമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ മഴവെള്ളത്തിന്റെ സുഗമമായ നിർഗമനത്തിന് ആവശ്യമായ ഓടകളും, കലുങ്കുകളും റോഡിന്റെ നിരപ്പിനനുസരിച്ചാണ് നിർമ്മിക്കുന്നത്. വെള്ളക്കെട്ട് പ്രധാനമായും ഉണ്ടാകുന്നത് റോഡിന്റെ വശങ്ങളിൽ മണ്ണ് ഉയർന്നിരിക്കുന്നതിനാലും പല തടസ്സങ്ങൾ/ മാലിന്യങ്ങൾ കാരണം ഓടകളിലെ നീരൊഴുക്ക് തടസ്സപ്പെടുന്നതിനാലും ആണ്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രസ്തുത പ്രവൃത്തികൾ പ്രീ മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയോ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയോ നിലവിലുള്ള കരാറുകരനെക്കൊണ്ട് തന്നെയോ ഓടകളിലേയും കലുങ്കുകളിലെയും |

| | | | |
|---|---|---|---|
| | | | മാലിന്യങ്ങൾ നീക്കം ചെയ്ത് സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ